**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് :- 1. ഭവന പൂർത്തീകരണ പദ്ധതി 2. ഭൂരഹിത പുനരധിവാസ പദ്ധതി 3. അംബേദ്കർ ഗ്രാമം പദ്ധതി 4. ദുർബല വിഭാഗ പുനരധിവാസ പദ്ധതി 5. കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെൻറ് വികസന പദ്ധതി. അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവ ഈ പദ്ധതിയിൽ നടപ്പാക്കുന്നു. പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാതലത്തിലും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പശ്ചാത്തല മേഖലകളിലും വിദ്യാഭ്യാസ മേഖലകളിലും മറ്റ് സാമ്പത്തിക ഉന്നമന |

| | | | |
|---|---|---|---|
| | | | കാര്യത്തിലും കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ റോഡ്, പാലം, വൈദ്യുതി, കുടിവെള്ളം,കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ സൗകര്യങ്ങളും, തൊഴിലും മറ്റ് വരുമാനദായക സംരംഭങ്ങളും സൃഷ്ടിക്കുവാനായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളിൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | താഴെ പറയുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രീമെട്രിക് സ്കോളർഷിപ്പ് സബ്സിഡൈസ്ഡ് ഹോസ്റ്റൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ്മെന്റ് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് അക്കോമഡേഷൻ ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം പ്ലസ് ടു പഠനത്തിനുശേഷമുള്ള എൻട്രൻസ് കോച്ചിംഗ് പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്. ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള സഹായം. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ബിരുദ/ബിരുദാനന്തര ബിരുദ കലാകോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളിൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. പ്രീ-മെട്രിക് സ്കോളർഷിപ്പ് പ്രീ-മെട്രിക് സ്കോളർഷിപ്പ് 9,10 ക്ലാസ്സുകൾ (100% CSS) പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി വിദേശപഠനത്തിന് ധനസഹായം അന്യസംസ്ഥാനപഠനം അയ്യങ്കാളി മെമ്മോറിയൽ ടാലൻറ് സെർച്ച് ആൻറ് ഡെവലപ്മെൻറ് പദ്ധതി സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശനപരീക്ഷാ പരിശീലനം ലാപ്ടോപ്പ് വിതരണം സാമൂഹ്യ പഠനമുറി ഗോത്രബന്ധു പദ്ധതി എം.ആർ.എസുകൾ, ഹോസ്റ്റലുകൾ ഗോത്രസാരഥി പദ്ധതി |

| | | | |
|---|---|---|---|
| (സി) | നൈപുണ്യ വികസനം, തൊഴിൽ, ഉപജീവന പരിപാടികൾക്കായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിവര സാങ്കേതിക ഇലക്ട്രിക്കൽ & ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിൽ നേടുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടി വകുപ്പ് സംഘടിപ്പിച്ചു വരുന്നു. തൊഴിൽ:- തൊഴിൽ പദ്ധതി പ്രകാരം സ്വയം തൊഴിൽ സബ്സിഡി പദ്ധതിയും വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഉപജീവന പരിപാടികൾ:- 1. വിവാഹധനസഹായ പദ്ധതി 2. മിശ്രവിവാഹധനസഹായ പദ്ധതി 3. ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലം ധനസഹായം അനുവദിക്കുന്ന പദ്ധതി 4. എസ് സി എ റ്റ എസ് സി പി പദ്ധതി 5. ഭൂരഹിത പുനരധിവാസ പദ്ധതി 6. ദുർബലവിഭാഗങ്ങൾക്കുള്ള വിവിധ ധനസഹായം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും സ്ഥിരവരുമാനവും തൊഴിലും ഉറപ്പ് വരുത്തുന്നതിനുമായി വിവിധ നൈപുണ്യ വികസന, തൊഴിൽ, ഉപജീവന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നൈപുണ്യ വികസനം:- പട്ടികവർഗ യുവതീ യുവാക്കൾക്കായി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. തൊഴിൽ, ഉപജീവന പരിപാടികൾ:- തൊഴിൽ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്ന പ്രധാന പദ്ധതിയാണ് ഗോത്രജീവിക. 2016-17 വർഷം മുതൽ ആരംഭിച്ച ടി പദ്ധതി പ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനത്തിലുള്ള പരിശീലനം നൽകിയതുവഴി പട്ടികവർഗത്തിലെ ഒട്ടനവധി പേർ പ്രസ്തുത മേഖലകളിൽ തൊഴിൽ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ